## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2891** **20.7.2011** ൽ മറുപടിയ്ക്ക്

## മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതി

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
" എൻ.എ. നെല്ലിക്കുന്ന്
" വി.എം. ഉമ്മർ മാസ്റ്റർ
" സി. മമ്മൂട്ടി

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വത്തിനായി നാളിതുവരെ 2095 അപേക്ഷകൾ ലഭിച്ചതിൽ 1721 പേർക്ക് അംഗത്വം നൽകുകയും 20 അപേക്ഷകൾ തിരസ്കരിക്കുകയും ചെയ്തു. ശേഷിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പു കൽപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ക്ഷേമനിധിയുടെ കോർപ്പസ് ഫണ്ടായി സർക്കാർ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ച 10 കോടി രൂപയ്ക്ക് ഒരു വർഷത്തെ ആദായമായി 92,50,000/- രൂപ ലഭിക്കുകയും, പ്രസ്തുത തുക സ്ഥിരം നിക്ഷേപമാക്കി മാററുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾ അടയ്ക്കുന്ന അംശാദായ ഇനത്തിൽ ഇതുവരെ ലഭിച്ച 1,84,370/- രൂപ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും, ഈ പദ്ധതിയുടെ നടത്തിപ്പിനായി പോസ്റ്റൽ വകുപ്പും, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കും മുന്നോട്ടുവച്ച ധാരണാപത്രങ്ങൾ അംഗീകരിച്ച് പ്രസ്തുത ഏജൻസികളുടെ സഹകരണത്തോടെ, കോഴിക്കോട് ആസ്ഥാനമായി ആരംഭിച്ച കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് മുഖേന പദ്ധതി നടപ്പാക്കി വരികയും ചെയ്യുന്നു. മദ്രസ്സാദ്ധ്യാപകരുടെയും മദ്രസ്സാ കമ്മിററികളുടെയും സർക്കാരിന്റെയും പങ്കാളിത്തത്തോടെ |

| | | | |
|---|---|---|---|
| | | | യുള്ള ക്ഷേമനിധിക്ക് രൂപം നൽകുകയും, മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയുടെ നടത്തിപ്പും മോണിററിംഗും സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതമായി 10 കോടി രൂപ അനുവദിക്കുകയും അത് കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പ് മോണിററർ ചെയ്യുന്നതിന് ഒരു മോണിററിംഗ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവരെ കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകളോടുള്ള അതൃപ്തി കാരണം ബഹുഭൂരിപക്ഷം മദ്രസ അദ്ധ്യാപകരും ഇതിനോട് സഹകരിക്കാതിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | അവരുടെ നിസ്സഹരണത്തിന്റെ കാരണങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | ടി പദ്ധതിയിൽ അംഗമാകാൻ കഴിയാതിരുന്നവർക്കായി താഴെപ്പറയുന്ന പ്രകാരം ഉത്തരവുകളിറക്കി സഹായിച്ചു. വിദ്യാലയങ്ങളിലോ പ്രാദേശിക ഭരണ സ്ഥാപനത്തിലോ ജനനത്തീയതി ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിന്റെ അടിസ്ഥാനത്തിൽ പ്രായം തിട്ടപ്പെടുത്തി ക്ഷേമനിധിയിൽ അംഗത്വമനുവദിയ്ക്കുന്നതിന് സർക്കാർ ഉത്തരവായി. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതമടയ്ക്കാനും അംഗത്വത്തിനുള്ള അപേക്ഷ ശുപാർശ ചെയ്യാനും വിസമ്മതിക്കുന്ന മദ്രസ്സകളിലെ അദ്ധ്യാപകർ തൊഴിലുടമയുടേതടക്കമുള്ള പ്രതിമാസ വിഹിതം വീഴ്ചകൂടാതെ നിക്ഷേപിക്കുന്നതാണെന്നുള്ള പ്രത്യേക സത്യപ്രസ്താവന നൽകുന്നപക്ഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്കും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ക്ഷേമനിധി ആനുകൂല്യങ്ങൾ ട്രഷറി വഴി ക്ഷേമനിധി മാനേജർ നേരിട്ട് നല്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഗുണഭോക്താക്കൾക്ക് അസ്വീകാര്യമായ വ്യവസ്ഥകൾ പരിശോധിച്ച്, ആവശ്യമായ ഭേദഗതികൾ വരുത്തി പ്രസ്തുത പദ്ധതി കുററമററ രീതിയിൽ നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**